(ബി) ലിസ്റ്റ് അനുബന്ധം-II ആയി ചേർക്കുന്നു.

(സി) പതിമൂന്നാം ധനകാര്യ കമ്മീഷൻ കാലാവധി 31-3-2015-ൽ അവസാനിച്ച സാഹചര്യത്തിൽ പ്രസ്തുത കമ്മീഷൻ ശുപാർശ പ്രകാരമുള്ള സംസ്ഥാന ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾ പ്രകാരം പ്രസ്തുത കാലയളവിൽ ഭരണാനുമതിയും നിർവ്വഹണാനുമതിയും നല്കിയതും എന്നാൽ 31-3-2015-ന് മുമ്പ് പണി ആരംഭിക്കാത്തതുമായ മുഴുവൻ പ്രവൃത്തികളും റദ്ദ് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിരുന്നു. കൂടാതെ കാലവർഷം, ഗുണഭോക്തൃസമിതികൾ മുഖാന്തിരം പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുള്ള വിമുഖത, മെറ്റീരിയലുകളുടെ ലഭ്യതക്കുറവ്, പ്രവൃത്തി തർക്കങ്ങൾ എന്നിവയും പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാതിരുന്നതിന് കാരണമായിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ പട്ടയ പ്രദേശങ്ങൾ ചർച്ച ചെയ്യുന്നതിനുള്ള യോഗം

162 (1240) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ പട്ടയ പ്രദേശങ്ങൾ ചർച്ച ചെയ്യുന്നതിന് 2012 മേയ് ഒമ്പതിന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായോ; എങ്കിൽ ആ യോഗത്തിൽ ഏതെല്ലാം മന്ത്രിമാർ പങ്കെടുക്കുകയുണ്ടായി ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത യോഗത്തിന്റെ പ്രധാന തീരുമാനങ്ങൾ എന്തെല്ലാമായിരുന്നു; യോഗ മിനിട്ട്സിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കാമോ;

(സി) യോഗ തീരുമാനങ്ങളിൽ നടപ്പിലാക്കുവാൻ ഇനിയും അവശേഷിക്കുന്നവ ഏതൊക്കെ; യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച ഏതെങ്കിലും വിജ്ഞാപനം പിന്നീട് പിൻവലിക്കുകയുണ്ടായോ; വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഇടുക്കി ജില്ലയിലെ പട്ടയ പ്രദേശങ്ങൾ സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനായി 9-5-2012-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ നടപടി രേഖയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(സി) വിവരം ശേഖരിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly